

# ക്വീൻസ്‌ലാൻഡ് സംസ്ഥാനത്തെ ഇംഗ്ലീഷ് ഭാഷാ സഹായത്തെ കുറിച്ചുള്ള വിവരങ്ങൾ

മുമ്പ് ഇംഗ്ലീഷ് ഒരു രണ്ടാം ഭാഷ (ESL) എന്ന് അറിയപ്പെട്ടിരുന്ന, ഇംഗ്ലീഷ് അധിക ഭാഷയോ ഭാഷാഭേദമോ (EAL/D) എന്നത്, തങ്ങളുടെ പ്രഥമ ഭാഷയായി സ്റ്റാൻഡേർഡ് ആസ്ട്രേലിയൻ ഇംഗ്ലീഷ് സംസാരിക്കാത്ത ഇംഗ്ലീഷ് പഠിതാക്കളെ പഠിപ്പിക്കുന്നതിനുള്ള ഒരു വിശേഷ പഠന മേഖലയാണ്.

## ക്വീൻസ്‌ലാൻഡിലെ EAL/D പഠിതാക്കൽ

ഇംഗ്ലീഷിൽ നിന്ന് വിഭിന്നമായ ഒരു ഭാഷയോ ഭാഷാഭേദമോ ആണ് EAL/D പഠിതാക്കൽ സംസാരിക്കുന്നത്, അതിനാൽ അവരുടെ പ്രായസംബന്ധമായ കരിക്കുലം ഉപയോഗിക്കുന്നതിന് അവർക്ക് ഇംഗ്ലീഷ് ഭാഷാ സഹായം ആവശ്യമാണ്.

സ്കൂൾ കരിക്കുലത്തിൽ ഫലപ്രദമായി ഇടപഴകാനുള്ള പ്രാവീണ്യമുള്ളതിനാൽ, മറ്റ് ഭാഷകളോ ഭാഷാഭേദങ്ങളോ സംസാരിക്കുന്ന എല്ലാവരും EAL/D പഠിതാക്കളല്ല

അസ്ട്രേലിയയിൽ ജനിച്ച, അബോർജിനൽ, ടോറെസ് സ്ട്രെയിറ്റ് ദ്വീപുകളിൽ നിന്നുള്ള വിദ്യാർത്ഥികളോ കുടിയേറ്റക്കാരുടെ മക്കളോ പോലുള്ള, ഇംഗ്ലീഷ് അല്ലാതെയുള്ള ഭാഷകളോ ഭാഷാഭേദങ്ങളോ ഉപയോഗിക്കുന്ന കുടുംബങ്ങളിൽ നിന്നുള്ളവർ EAL/D പഠിതാക്കളിൽ ഉൾപ്പെടാം. ഹ്യൂമാനിറ്റേറിയൻ എൻട്രൻസ്, അന്താരാഷ്ട്ര വിദ്യാർത്ഥികൾ, കുടിയേറ്റക്കാർ എന്നിവരാണ് ആസ്ട്രേലിയയ്ക്ക് പുറത്ത് ജനിച്ചവരിൽ ഉൾപ്പെടുന്നത്.

## സഹായം അവശ്യമായ EAL/D പഠിതാക്കളെ കണ്ടെത്തൽ

പ്രവേശന നടപടിക്രമങ്ങളിലൂടെയോ തുടർന്നുകൊണ്ടിരിക്കുന്ന ക്ലാസ് റൂം നടപടിക്രമങ്ങളിലൂടെയാണ് സ്കൂളുകൾ EAL/D പഠിതാക്കളെ കണ്ടെത്തുന്നത്.

പ്രവേശന നടപടിക്രമങ്ങൾക്കിടയിൽ, വിദ്യർത്ഥിയുടെ നൈപുണ്യമുള്ള പ്രധാന ഭാഷയെ കുറിച്ച് കഴിയാവുന്നത്ര വിവരം സ്കൂളുകൾ ശേഖരിക്കും. ചില വിദ്യാർത്ഥികൾ ഉടൻ തന്നെ ഈ നടപടിക്രമങ്ങളിലൂടെ EAL/D പഠിതാക്കളായി തിരിച്ചറിയും.

മറ്റ് EAL/D പഠിതാക്കളെ അവരുടെ ക്ലാസ്റൂം ഭാഷാ പെരുമാറ്റങ്ങളിലൂടെയും ഭാഷാ ഉപയോഗത്തിലൂടെയും മാത്രമേ തിരിച്ചറിയാൻ കഴിയുകയുള്ളൂ. പരീക്ഷാ ഫലങ്ങൾ, എഴുത്ത് പ്രതികരണം, വിദ്യാർത്ഥികളുമായുള്ള അഭിമുഖങ്ങൾ/ കോൺഫറൻസുകൾ എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തികളുടെ വിലയിരുത്തലുകളിൽ നിന്നും വിവിധ അവലോകനങ്ങളിൽ നിന്നുമാണ് EAL/D പഠിതാക്കളെ ക്ലാസ്ടീച്ചർ തിരിച്ചറിയുന്നത്.

## EAL/D പഠിതാക്കൾക്കുള്ള സഹായം

വിജയകരമായ ക്ലാസ്റൂം പഠനത്തിന് ഭാഷാ അടിസ്ഥാനം കെട്ടിപ്പടുക്കാൻ EAL/D പഠിതാക്കൾക്ക് പ്രത്യേക ശിക്ഷണ സമീപനം ആവശ്യമാണ്. അതിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥിയുടെ ആവശ്യത്തിന് അനുസരിച്ചുള്ള പിന്തുണ സ്കൂൾ ലഭ്യമാക്കും. ടീച്ചർമാർ ബാൻഡ് സ്കേൽസ് സ്റ്റേറ്റ് സ്കൂൾസ് (ക്വീൻസ്‌ലാൻഡ്) ഉപയോഗിച്ച് വിദ്യാർത്ഥിയുടെ ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം നിശ്ചയിക്കുന്നു. ശേഷം ക്ലാസ്റൂമിലെ സാഹചര്യത്തിന് അനുസരിച്ച് വിദ്യാർത്ഥിയുടെ ഭാഷാ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ പരിശീലനം നൽകുന്നു.

സ്കൂളിന്റെ സാഹചര്യത്തിനും, EAL/D പഠിതാവിന്റെ ഇംഗ്ലീഷ് ഭാഷയിലെ ശ്രവണം, സംസാരം, വായന, എഴുത്ത് എന്നിവയുടെ പ്രാവീണ്യത്തിന് അനുസരിച്ചാണ് എന്ത് തരം സഹായമാണ് നൽകേണ്ടതെന്ന് സ്കൂളുകൾ തീരുമാനിക്കുന്നത്.

തങ്ങളുടെ പ്രായത്തിനനുസരിച്ചുള്ള ആസ്ട്രേലിയൻ കരിക്കുലമാണ് EAL/D പഠിതാക്കളെ പഠിപ്പിക്കുന്നതി. EAL/D പഠിതാക്കളെ സഹായിക്കുന്നതിനും അവശ്യമായ പഠനം കൈവരിക്കുന്നതിനും വിവധമായ മാർഗ്ഗങ്ങളാണ് ടീച്ചർമാർ അവലംബിക്കുന്നത്.

## വിലയിരുത്തലും റിപ്പോർട്ടിംഗും

EAL/D പഠിതാക്കൽ ഇംഗ്ലീഷ് പഠിക്കുന്നതിന് ഒപ്പം തന്നെ കരിക്കുലം വിഷയങ്ങളും ഒരേ സമയം പഠിച്ചുകൊണ്ടിരിക്കുകയാണ്. വിഷയങ്ങൾ മനസിലാക്കുന്നത് വിലയിരുത്തുവാൻ, പഠിതാവിന്റെ ഇംഗ്ലീഷ് പ്രാവീണ്യത്തിന് അനുസരിച്ചുള്ള വിലയിരുത്തൽ കൃത്യങ്ങളാണ് ടീച്ചർ നൽകുക. അവരുടെ ഇംഗ്ലീഷ് പ്രാവീണ്യത്തിനനുസരിച്ച്, കൃത്യങ്ങളിലെ ഭാഷാ സംബന്ധമായ ആവശ്യങ്ങൾ കുറച്ചേക്കും. ഇത് നിശ്ചിത കരിക്കുല വിഷയത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ വിദ്യാർത്ഥികളെ അനുവദിക്കുന്നു. ഉദാഹരണത്തിന്, ഇംഗ്ലീഷ് ഭാഷ മനസിലാക്കുന്നതിന്റെ പ്രാരംഭ ഘട്ടങ്ങളിലുള്ള പഠിതാക്കൾ, ഇലുസ്ട്രേഷനുകൾ, ഡയഗ്രാമുകൾ, റോൾ പ്ലേ, സംസാരം എന്നിവയിലൂടെയാണ് വിഷയ സംബന്ധിയായ അറിവ് പ്രകടിപ്പിക്കുന്നത്.

തങ്ങളെ പഠിപ്പിച്ച വാർഷിക കരിക്കുലം സംബന്ധിച്ച് വിദ്യാർത്ഥികളെ വിലയിരുത്തുകയും അവ റിപ്പോർട്ട് ചെയ്യുകയും ചെയ്യും. എന്നിരുന്നാലും,ആസ്ട്രേലിയൻ സ്കൂളിംഗിൽ ചേർന്ന EAL/D പഠിതാക്കളെ ആദ്യ മാസങ്ങളിൽ ഇതിൽ നിന്ന് ഒഴിവാക്കും. ഈ വിദ്യാർത്ഥികൾക്ക്, ആവശ്യമെങ്കിൽ ആസ്ട്രേലിയൻ കരിക്കുലത്തിലെ നേട്ടങ്ങൾക്കൊപ്പം, ബാൻഡ്സ്കേൽസ് സ്റ്റേറ്റ് സ്കൂൾ (ക്വീൻസ്‌ലാൻഡ്)-മായി താരതമ്യം ചെയ്യുമ്പോഴുള്ള അവരുടെ ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യത്തെ കുറിച്ചുള്ള രേഖാമൂലമുള്ള ഒരു പ്രസ്താവനയും റിപ്പോർട്ടിൽ അടങ്ങിയിരിക്കും